# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6472 — 09.07.2014-ൽ മറുപടിയ്ക്ക്

## കേന്ദ്ര സർക്കാരിൻെറ പങ്കാളിത്തത്തോടെ ഗ്രാമീണ വൈദ്യുതീകരണ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) ഗ്രാമീണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് ഏതെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി ഏതെന്ന് വ്യക്തമാക്കുമോ ; | (എ) രാജ്യത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളും വൈദ്യുതീകരിക്കുക എന്ന ലക്ഷ്യത്തോടുകൂടി 2005 -ൽ കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതികരൺ പദ്ധതി. ഈ പദ്ധതി കേരളത്തിൽ ആദ്യമായി ഇടുക്കി ജില്ലയിൽ 2007-2010 കാലയളവിൽ നടപ്പിലാക്കിയിട്ടുണ്ട്. മറ്റു 13 ജില്ലകളിലും ഈ പദ്ധതി പൂർത്തീകരിച്ചു വരികയാണ്.<br><br>ഗ്രാമീണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് ആർ.ജി.ജി.വി.വൈ-ഡി.ഡി.ജി (ഡിസെൻട്രലൈസ്ഡ് ഡിസ്ട്രിബ്യൂട്ടഡ് ജനറേഷൻ) പദ്ധതി നടപ്പിലാക്കുന്നുണ്ട്. |
| (ബി) ഗ്രാമീണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരമേറ്റതിനു ശേഷം പുതിയ പദ്ധതികൾ ആവിഷ്കരി ച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (ബി) 10.03.2010 -ൽ അംഗീകാരം ലഭിച്ച കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലെ ആർ.ജി.ജി.വി.വൈ. പദ്ധതികളും 19.12.2011 -ലും, 14.02.2012 ലും അംഗീകാരം ലഭിച്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ ആർ.ജി.ജി.വി.വൈ. പദ്ധതികളുമാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്.<br><br>12 - ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി ആർ.ജി.ജി.വി.വൈ.പദ്ധതി ഇടുക്കി ജില്ലയിൽ 2 - ാം ഘട്ടമായി നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള ഡി.പി.ആർ. 27.03.2014 -ൽ ...ൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ ... |

രാജീവ് ഗാന്ധി ഗ്രമീണ വൈദ്യുതികരണ യോജന (ഡി സെൻട്രലൈസഡ് ഡിസ്ട്രിബ്യൂട്ടഡ് ജനറേഷൻ ഡി.ഡി.ജി).

ഈ പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ വൈദ്യുതി എത്തിക്കാൻ പറ്റാത്ത അട്ടപ്പാടി, കൊല്ലങ്കോട്, മലമ്പുഴ, നെന്മാറ എന്നീ 4 ബ്ലോക്കുകളിൽപ്പെട്ട 15 ഉൾഗ്രാമങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതീകരണത്തിനായി 531.83 ലക്ഷം രൂപയുള്ള അനുമതി റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന് നൽകിയിട്ടുണ്ട്. ഈ 531.83 ലക്ഷം രൂപയിൽ 478.65 ലക്ഷം ക്യാപ്പിറ്റൽ സബ്സിഡിയായും 53.18 ലക്ഷം ലോൺ അസിസ്റ്റൻസുമാണ്. ഈ പദ്ധതി പ്രകാരം 731 ഭവനങ്ങൾക്ക് വൈദ്യുതി നൽകാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ പ്രവർത്തി ചെയ്യുവാനുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ.